I/77367/2023

# ആരോഗ്യവകുപ്പ് ഡയറക്ടറുടെ നടപടിക്രമം

## തിരുവനന്തപുരം

വിഷയം:- ആരോഗ്യവകുപ്പ്: ജീവനക്കാര്യം - ആരോഗ്യവകുപ്പിലെ അസിസ്റ്റൻറ് സർജൻ തസ്തികയിലെ പൊതുസ്ഥലം മാറ്റം 2023 - ഡോ. ഹസീന കരീം, അസിസ്റ്റൻറ് സർജൻ- പുനർനിയമനം നൽകി ഉത്തരവാകുന്നു.

പരാമർശം:- 1. ഉത്തരവ് നം. ഇഎ2- 2422/2023/ആ.വ.ഡ തീയതി 31.05.2023

2.ഉത്തരവ് നം. ഇഎ2- 2422/2023/ആ.വ.ഡ തീയതി :16.06.2023

3. സഉ (സാധാ) നം. 2186/2023/ആ.കു.വ തീയതി 24.08.2023

**ഉത്തരവ് നമ്പർ ഇഎ2- 2422/2023/ആ.വ.ഡ, തീയതി:25-08-2023**

ആരോഗ്യവകുപ്പിലെ അസിസ്റ്റൻറ് സർജൻ തസ്തികയിലെ 2023 പൊതുസ്ഥലം മാറ്റ പരാമർശ (2) ഉത്തരവ് പ്രകാരം ഡോ. ഹസീന കരീം-ന് (പെൻ 609015) കോഴിക്കോട് ജില്ലയിലെ പനങ്ങാട് പ്രാഥമികാരോഗ്യകേന്ദ്രത്തിലേക്ക് സ്ഥലംമാറ്റം നൽകിയിരുന്നു. പ്രസ്തുത സ്ഥലംമാറ്റത്തിനെതിരെ ടി ഡോക്ടർ സർക്കാർ മുൻപാകെ സമർപ്പിച്ച അപ്പീലിൽ സർക്കാരിൽ നിന്നും ലഭ്യമായ പരാമർശം (3) ഉത്തരവ് അനുസരിച്ച് ഡോ. ഹസീന കരീം ന് **കോഴിക്കോട് ജനറൽ ആശുപത്രിയിൽ നിലവിലുള്ള അസിസ്റ്റൻറ് സർജൻ** തസ്തികയിലേക്ക് പുനർനിയമനം നൽകി ഇതിനാൽ ഉത്തരവാകുന്നു.

2. ഡോ. ഹസീന കരീം 01.09.2023 തീയതിയ്ക്കകം ജോലിയിൽ പ്രവേശിക്കേണ്ടതാണ്.

3. ജില്ലാ മെഡിക്കൽ ഓഫീസറും, സ്ഥാപന മേധാവിയും ആരോഗ്യവകുപ്പ് ഡയറക്ടറുടെ ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിരിക്കുന്ന ഈ ഉത്തരവിൻറെ പകർപ്പ് മേൽ നടപടിക്കായി ഉപയോഗിക്കേണ്ടതാണ്.

4. മേൽ പരാമർശിത ഉത്തരവ് ഈ ഭേദഗതിയോടുകൂടി

I/77367/2023

നിലനിൽക്കുന്നതാണ്.

Signed by
Dr Reena K J
Date: 25-08-2023 16:35:48

ആരോഗ്യവകുപ്പ് ഡയറക്ടർ

സ്വീകർത്താവ്: ഡോ. ഹസീന കരീം, അസിസ്റ്റൻറ് സർജൻ, പ്രാഥമികാരോഗ്യകേന്ദ്രം കുന്നമംഗലം, കോഴിക്കോട്

പകർപ്പ് :

1.അക്കൗണ്ടൻറ് ജനറൽ കേരള (എ&ഇ), തിരുവനന്തപുരം

2. ജില്ലാ മെഡിക്കൽ ഓഫീസർ (ആ), കോഴിക്കോട്

3. ബന്ധപ്പെട്ട സ്ഥാപന മേധാവികൾ

4. ഫയൽ/ സ്റ്റോക്ക് ഫയൽ